(സി) കെ.ഇ.ആർ. പ്രകാരം സൗകര്യങ്ങളുള്ളതും ജനങ്ങൾക്ക് വളരെ ഗുണകരമായി പ്രവർത്തിക്കുന്നതുമായ അംഗീകാരം ലഭിക്കാത്ത മുഴുവൻ സ്കൂളുകൾക്കും അംഗീകാരം നൽകുന്നത് പരിഗണിക്കുമോ?

G.O.(Ms) No.45/2019/GEDN പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിലെ മാനദണ്ഡങ്ങൾ പാലിച്ച് അപേക്ഷ സമർപ്പിക്കുന്ന എല്ലാ അൺഎയ്ഡഡ് സ്കൂളുകൾക്കും അംഗീകാരം നൽകിവരുന്നു.

സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിലെ കിച്ചൺ സ്റ്റോർ നിർമ്മാണം

161(2517) ശ്രീ. ഷാഹി പറമ്പിൽ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. പി. ടി. തോമസ്:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ ഉച്ചഭക്ഷണ പദ്ധതി പ്രകാരം കിച്ചൺ സ്റ്റോർ നിർമ്മിക്കുന്നതിനായി സംസ്ഥാനത്തിന്റെ നാൽപ്പത് ശതമാനം വിഹിതവും കേന്ദ്രത്തിന്റെ അറുപത് ശതമാനം വിഹിതവും ചേർത്തുള്ള തുക 24-2-2021-ന് സ്കൂൾ ഹെഡ്മാസ്റ്റർമാരുടെ അക്കൗണ്ടിലേയ്ക്ക് നൽകിയിരുന്നോ?

സ്കൂൾ ഉച്ചഭക്ഷണ പദ്ധതിപ്രകാരം കിച്ചൺ സ്റ്റോർ നിർമ്മിക്കുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതമുൾപ്പെടെയുള്ള 13766.69 ലക്ഷം രൂപയുടെ ഫണ്ടിന്റെ വിനിയോഗത്തിനായി 24-2-2021-ൽ സർക്കാർ ഭരണാനുമതി നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ 17.03.2021-ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമപ്രകാരം പ്രസ്തുത ഫണ്ട് ട്രഷറി അലോട്ട്മെന്റായി വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖാന്തരം ബന്ധപ്പെട്ട സ്കൂളുകൾക്ക് ലഭ്യമാക്കുകയും ട്രഷറി അലോട്ട്മെന്റായി ലഭിക്കുന്ന പ്രസ്തുത ഫണ്ട് 2021 മാർച്ച് മാസം മുൻഗണനായി മാറി സ്കൂളുകളുടെ സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് പ്രഥമാദ്ധ്യാപകർക്ക് അനുമതി നൽകുകയും ചെയ്തിരുന്നു.

(ബി) പ്രസ്തുത തുക 2021 മാർച്ച് മുപ്പത്തിയൊന്നിന് തിരിച്ച് പിടിച്ചിരുന്നോ?

ആകെ അലോട്ട് ചെയ്ത 13766.69 ലക്ഷം രൂപയിൽ കുറച്ച് രൂപയുടെ ബില്ലുകൾ ചില സ്കൂളുകൾ മാറി തങ്ങളുടെ സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടുകളിൽ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ ഭൂരിഭാഗം ബില്ലുകളും 2020-21 സാമ്പത്തിക വർഷത്തിന്റെ അവസാനദിനങ്ങളിൽ സമർപ്പിക്കപ്പെട്ടതിനാൽ ട്രഷറിയിൽ പാസ്സാക്കപ്പെടാത്ത 12471.48 ലക്ഷം രൂപ ഇലക്ട്രോണിക് ലഡ്ജർ അക്കൗണ്ടിലേയ്ക്ക് പോസ്റ്റ് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത തുക പിന്നീട് തിരിച്ച് നൽകിയോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

&

(ഡി) മേൽപ്പറഞ്ഞ ഫണ്ട് ഏതു വർഷത്തിലാണ് കേന്ദ്രസർക്കാർ അനുവദിച്ചതെന്ന് അറിയിക്കുമോ; പ്രസ്തുത തുക എപ്പോൾ തിരികെ ലഭിക്കുമെന്ന് വ്യക്തമാക്കുമോ?

ഇലക്ട്രോണിക് ലഡ്ജർ അക്കൗണ്ടിലേയ്ക്ക് പോസ്റ്റ് ചെയ്ത 12471.48 ലക്ഷം രൂപ തിരികെ നൽകിയിട്ടില്ല. ആയത് തിരികെ നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. 2017-18 വർഷത്തിലാണ് കിച്ചൺ സ്റ്റോർ നിർമ്മാണത്തിനുള്ള ഫണ്ട് കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ളത്.

സ്കൂൾ പാചക തൊഴിലാളികൾക്കുള്ള വേതനം

162(2518) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിലെ പാചക തൊഴിലാളികൾക്ക് വേനലവധിക്കാലത്ത് നൽകിയിരുന്ന ആശ്വാസധനവും കോവിഡ് സമാശ്വാസവും കൂടിശ്ശികയായിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) സ്കൂൾ പാചക തൊഴിലാളികളുടെ വേതനവും ആനുകൂല്യങ്ങളും എത്രയും വേഗം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ സ്കൂളുകൾ തുറന്ന് പ്രവർത്തിക്കാത്തതിനാൽ വേനൽ അവധി ഉൾപ്പെടെയുള്ള കാലയളവിലേയ്ക്ക് പ്രതിമാസം 1,600 രൂപ സമാശ്വാസമായി സ്കൂൾ പാചക തൊഴിലാളികൾക്ക് വിതരണം ചെയ്തുവരുന്നു. ആയത് പ്രകാരം 2021 ആഗസ്റ്റ് 31 വരെ വിതരണം ചെയ്യേണ്ടുന്ന തുകയ്ക്കുള്ള അലോട്ട്മെന്റ് ബന്ധപ്പെട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് നൽകുകയും അതിൽ ജൂൺ വരെയുള്ള തുക വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. കോവിഡ് കാലത്ത് സ്കൂൾ പാചക തൊഴിലാളികൾക്ക് വേതനം അനുവദിക്കുന്നത് സംബന്ധിച്ചുള്ള വിഷയം സർക്കാർ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly